അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട്

311 (3945) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള സിനിമാമേഖലയെക്കുറിച്ച് പഠിച്ച് മാറ്റങ്ങളും പരിഷ്കാരങ്ങളും ശിപാർശ ചെയ്യുന്നതിനായി നിയോഗിച്ച അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് ;

(ബി) ഈ റിപ്പോർട്ട് പരിശോധിക്കുകയും ഇതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട് ഏതെല്ലാം നിർദ്ദേശങ്ങൾ എന്നു മുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട് 2014 ആഗസ്റ്റ് മാസത്തിലാണ് ലഭ്യമായത്.

(ബി&സി) മലയാള സിനിമാ മേഖലയെക്കുറിച്ച് പഠിച്ച് സർക്കാരിന് സമർപ്പിച്ച അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിക്കുകയും ശുപാർശകൾ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ശുപാർശകൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

നിലവിലുള്ള സിനിമാ തീയേറ്ററുൾ ആധുനീകരിക്കുന്നതിനുള്ള പദ്ധതി

312 (3946) ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സിനിമാ സംരംഭകർക്ക് നിലവിലുള്ള തീയേറ്ററുകൾ വിഭജിക്കുന്നതിനും ആധുനീകരിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദീകരിക്കുമോ ;

(സി) സംരംഭകർക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സ്വകാര്യ സംരംഭകർക്ക് നിലവിലുള്ള തീയേറ്ററുകൾ വിഭജിക്കുവാനും ആധുനികവൽക്കരിക്കാനും അനുവദിക്കുന്നതിനുള്ള പദ്ധതി ചലച്ചിത്ര അക്കാദമിയിലും കെ.എസ്.എഫ്.ഡി.സി.-യിലും നിലവിലില്ല. എന്നാൽ കേരള സംസ്ഥാന ചലച്ചിത്രവികസന കോർപ്പറേഷന് കീഴിലുള്ള തീയേറ്ററുകൾ വിഭജിക്കുവാനും ആധുനികവൽക്കരിക്കുന്നതിനുമുള്ള പദ്ധതികൾ പ്രകാരം തിരുവനന്തപുരം കൈരളി, ചേർത്തല ചിത്രാഞ്ജലി എന്നീ തീയേറ്ററുകൾ വിഭജിച്ച് പുതിയ രണ്ട് തീയറ്ററുകൾ ആക്കി മാറ്റുകയും തിരുവനന്തപുരം ശ്രീ, കലാഭവൻ, കോഴിക്കോട്ടും തൃശ്ശൂരും ഉള്ള കൈരളി/ശ്രീ, ചിത്രാഞ്ജലി സ്റ്റുഡിയോയിലെ പ്രിവ്യൂ തിയേറ്റർ തുടങ്ങിയവ ആധുനികവൽക്കരിച്ചിട്ടുമുണ്ട്. സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ ആധുനിക സജ്ജീകരണങ്ങളോടെ മികച്ച നിലവാരമുള്ള സിനിമാസ്വാദനം സാദ്ധ്യമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഡിജിറ്റൽ പ്രൊജക്ഷൻ, 7.1 സറൗണ്ട് സിസ്റ്റം, പുഷ്ബാക്ക് ചെയറുകൾ, മേൻമയേറിയ അക്കൗസ്റ്റിക്ക് സംവിധാനം, എ.സി. സംവിധാനം, സിൽവർ സ്ക്രീൻ, സി.സി.ടി.വി. സിസ്റ്റം തുടങ്ങിയ സവിശേഷതകളോടെയാണ് ആധുനികവൽക്കരണം പൂർത്തിയാക്കുന്നത്.

(സി&ഡി) സംസ്ഥാനത്ത് നല്ല സിനിമ നിർമ്മിക്കുന്നവരേയും പുതിയ തലമുറയിലെ സിനിമാ സംരംഭകരേയും പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയിലൂടെ പാക്കേജ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ചിത്രാഞ്ജലിയുടെ സാങ്കേതിക സഹായത്തോടെ ചെയ്യുന്ന സിനിമകൾക്ക് (ഡിജിറ്റൽ) നിലവിൽ സബ്സിഡി നൽകുന്നുണ്ട്. ഇത് കൂടാതെ ഇൻഡ്യൻ പനോരമ സെലക്ഷൻ,

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും മികച്ച ചിത്രത്തിനുള്ള നാഷണൽ അവാർഡ്, സംസ്ഥാന അവാർഡ് എന്നിവ ലഭിക്കുന്ന ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ചെയ്ത ചിത്രങ്ങൾക്കും മികച്ച രണ്ടാമത്തെ അവാർഡ് ലഭിക്കുന്ന ചിത്രാഞ്ജലി ചിത്രങ്ങൾക്കും സബ്സിഡി നൽകിവരുന്നുണ്ട്. കൂടാതെ ലോക സിനിമാരംഗത്തെ പുത്തൻ പ്രവണതകൾ, ലോക ക്ലാസിക്കുകൾ, അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച സിനിമാ പ്രവർത്തകരുടെ സിനിമകൾ തുടങ്ങി നിലവാരമുള്ള സിനിമകൾ കാണുന്നതിനും പുതിയ നല്ല സിനിമകൾ നിർമ്മിക്കുന്നതിന് പ്രചോദനം നൽകുന്നതിനുമായി ചലചിത്ര അക്കാദമി അന്താരാഷ്ട്ര ചലച്ചിത്ര മേള, അന്താരാഷ്ട്ര ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം മേള, ദേശീയ ചലച്ചിത്രമേള എന്നിവ കേരളത്തിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ കലാമൂല്യമുള്ള നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനും ചലചിത്ര പ്രവർത്തകരെ അനുമോദിക്കുന്നതിനുമായി ചലച്ചിത്ര അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. നല്ല സിനിമ നിർമ്മിക്കുന്നവർക്കും സംവിധാനം ചെയ്യുന്നവർക്കും ക്യാഷ് അവാർഡ് നൽകുന്നതും ഇതിലുൾപ്പെടുന്നു. ഇതുകൂടാതെ പുതിയ തലമുറയെ ഈ കലയിലേക്ക് ആകർഷിക്കുന്നതിന് ചലച്ചിത്ര അക്കാദമി കുട്ടികൾക്കും യുവാക്കൾക്കുമായി അവധിക്കാല ക്യാമ്പുകൾ, അധ്യാപകരുടെ ക്യാമ്പുകൾ എന്നിവയും നടത്തിവരുന്നുണ്ട്. നല്ല സിനിമ നിർമ്മിക്കുവാനുള്ള പുതിയ തലമുറയിലെ സിനിമാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ സഹായ സഹകരണങ്ങളും നിലവിൽ നൽകിവരുന്നുണ്ട്.

ഇന്റർസ്റ്റേറ്റ് ബസ്സ് സർവ്വീസ്

313 (3947) ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇന്റർസ്റ്റേറ്റ് സർവ്വീസ് നടത്തുന്നതിനായി പ്രത്യേക ട്രാൻസ്പോർട്ട് കോർപ്പറേഷന് പദ്ധതിയുണ്ടോ ?

ഉത്തരം

ഈ വിഷയത്തിൽ ഒരു പദ്ധതി നിലവിൽ വിഭാവനം ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly